# ക്രിസ്തീയ ന്യായവാദശാസ്ത്രം

## Volume 2

ഡോ  ജോൺസൺ സി ഫിലിപ്പ്

ഡോ സനീഷ്  ചെറിയാൻ



# ക്രിസ്തിയ ന്യായവാദശാസ്ത്രം

Volume 2
A Multi-volume Work

Dr. Saneesh Cherian
Dr. Johnson C. Philip

Copyright 1990, 2000, 2020
Creative Commons

## ക്രിസ്തീയ ന്യായവാദശാസ്ത്രത്തിനൊരു മുഖവുര

Brethren Theological Institute
Theological Training Since 1999

# ക്രിസ്തീയ ന്യായവാദശാസ്ത്രത്തിന്റെ ചരിത്രം

ന്യായവാദശാസ്ത്രവും ഖണ്ഡനശാസ്ത്രവും വിഭിന്നെവിഷയങ്ങളാണെങ്കിലും തെറ്റിനെ നിർമ്മാർജ്ജനം ചെയ്ത് സത്യത്തെ സ്ഥാപിക്കുക എന്നതാണ് അവയുടെ പൊതുവായ തത്വം. ചില ദശാബ്ദങ്ങളോളം നൃയവാദ ശാസ്ത്രവും ഖണ്ഡനശാസ്ത്രവും രണ്ടു വ്യത്യസ്ത മേഖലകളിലായിട്ടാണ് നിലനിന്നിരുന്നത്. തന്മൂലം ന്യായവാദശാസ്ത്രത്തിൽ അഭ്യസനം നടത്തുന്ന ഒരു വ്യക്തിക്ക് ഖണ്ഡനശാസ്ത്രവും ഖണ്ഡനശാസ്ത്രത്തിൽ വിദഗ്ധത നേടിയ വ്യക്തിക്ക് ന്യായവാദശാസ്ത്രവും അറിയേണ്ടതില്ലായിരുന്നു. നിർഭാഗ്യവശാൽ ഇന്ന് സ്ഥിതി ആകെ മാറിയിരി

ക്കുകയാണ്. ക്രിസ്തീയ വിശ്വാസത്തിനെതിരെ എഴുന്നേല്ക്കാനുള്ള ആക്രമണങ്ങൾ ഇരുഭാഗങ്ങളും അന്യോന്യം കടമെടുക്കുന്നു. അതിനാൽ എല്ലാ ന്യായവാദശാസ്ത്രക്കാരും ഖണ്ഡനശാസ്ത്രത്തിലും ന്യായവാദശാസ്ത്രത്തിലും പ്രാവീണ്യം നേടിയിരിക്കുകയാണ്.

ക്രിസ്തീയ ന്യായവാദശാസ്ത്രവും ഖണ്ഡനശാസ്ത്രവും അടുത്തയിടെ രൂപം പ്രാപിച്ച രണ്ട് പഠന മേഖലകളാണെന്ന് പലരും തെറ്റിദ്ധരിക്കാറുണ്ട്. എന്നാൽ വാസ്തവം ഇതിൽ നിന്നും വ്യത്യസ്തമാണ്. വേദപുസ്തക ന്യായവാദശാസ്ത്രത്തിനും വേദപുസ്തക ഖണ്ഡന ശാസ്ത്രത്തിനും വേദപുസ്തകത്തോളം പഴക്കമുണ്ട്. പഴയ പുതിയ നിയമങ്ങളിൽ ധാരാളം ഉദാഹരണ

ങ്ങൾ ഇതിനോടുള്ള ബന്ധത്തിൽ രേഖപ്പെടുത്തി യിട്ടുണ്ട്.

## I. ന്യായവാദശാസ്ത്രം പഴയനിയമത്തിൽ:

വേദപുസ്തകത്തിനെതിരെയുള്ള ആക്രമണങ്ങൾ പഴയനിയമത്തിൽ നിന്നും തുടക്കം കുറിച്ചതാണ്. യിസ്രായേല്യരുടെ ദൈവം സത്യദൈവമാണോ എന്ന് പലരും ചോദ്യം ചെയ്തിരുന്നതായി പഴയ നിയമരേഖകൾക്കുള്ളിൽ നിന്നും നാം മനസ്സിലാ ക്കുന്നു. പല അവസരങ്ങളിലും അവർക്കു മതി യായ ഉത്തരങ്ങളും തെളിവുകളും ദൈവം നൽകുന്നുമുണ്ട്. അവയിൽ ചിലത് ഈ ഗ്രന്ഥ ത്തിന്റെ ആദ്യഭാഗത്തു തന്നെ രേഖപ്പെടുത്തിയതി നാൽ വീണ്ടും ഒരു ആവർത്തനത്തിന് മുതിരുന്നി ല്ല. എന്നാൽ പ്രത്യേകം എടുത്തു പറയേണ്ടുന്ന കാര്യം പഴയനിയമത്തിൽ നിന്നും രേഖപ്പെടു

ത്തിയ ഉദ്ധരണികൾ കേവലം ഉദാഹരണങ്ങൾ മാത്രമാണ്. ന്യായവാദശാസ്ത്ര പ്രകൃതത്തോടു കൂടിയ ഭാഗങ്ങളും സംഭവങ്ങളും സംഖ്യാതീതമാണ്. ഈ ഗ്രന്ഥത്തിൽ അവയെല്ലാം പ്രതിപാദിക്കുക സാദ്ധ്യമല്ലല്ലോ.

**II. ന്യായവാദശാസ്ത്രം യഹൂദപിതാക്കന്മാരുടെ ഇടയിൽ:** വിശുദ്ധവേദപുസ്തകത്തിന്റെ സവിശേഷത നിമിത്തം യഹൂദാപിതാക്കന്മാർക്കും, നേതാക്കന്മാർക്കും ധാരാളം എതിർപ്പുകൾ ജാതികളിൽ നിന്നും നേരിടേണ്ടതായി വന്നിട്ടുണ്ട്. മനുഷ്യൻ പാപിയാണെന്നും പൂർണ്ണമായി ധാർമ്മികത്തകർച്ച നേരിട്ടവനാണെന്നും സ്വയമായി രക്ഷനേടുവാൻ കഴിവില്ലാത്തവനാണെന്നും ഉല്പത്തി പുസ്തകം മുതലേ നാം മനസ്സിലാക്കുന്നുണ്ട്. ആഗോള മതങ്ങളിൽ വിശ്വസിക്കുന്ന

ജാതികളെ ഇത് അസഹ്യപ്പെടുത്തുകയും വെറിപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മതവ്യത്യാസമില്ലാതെ എല്ലാവർക്കുമുള്ള രക്ഷയെ ആഗോള മതം പഠിപ്പിക്കുന്നു. ഉപദേശത്തിന്റേയോ രീതികളുടേയോ അനന്യസാധാരണതയെ അവർ അംഗീകരിക്കുന്നില്ല. വേദപുസ്തകത്തിനുനേരെ ആക്രമണം ഉയർത്തുന്നതു പഴയനിയമകാലഘട്ടത്തിലെ ജാതികളുടെ ഒരു വിനോദമായിരുന്നു എന്നു തന്നെ പറയാം. എഴുതുന്നതിനാവശ്യമായ സാധനസാമഗ്രികൾ അക്കാലത്ത് വിരളമായിരുന്നെങ്കിൽ തന്നെയും വേദപുസ്തകവിമർശകർ പഴയനിയമത്തെ എതിർത്തുകൊണ്ട് ധാരാളം ഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്തു. വേദപുസ്തകത്തെ ആക്രമിച്ചവർക്ക് ജനങ്ങളിൽ നിന്ന് നല്ല സ്വീകരണമാണ് ലഭിച്ചിരുന്നതെന്ന് ചരിത്രം

സാക്ഷിക്കുന്നു. തന്മൂലം തങ്ങളുടെ സന്ദേശങ്ങൾ ജനസമൂഹത്തിൽ വ്യാപിപ്പിക്കുവാൻ വിമർശകർക്ക് സാധിച്ചു. എന്നാൽ പ്രസ്തുത വിമർശകർ കൊണ്ടുവന്ന അപവാദങ്ങളേയും എതിർപ്പുകളേയും പ്രത്യാക്രമണം ചെയ്തുകൊണ്ട് യഹൂദാറബ്ബിമാരും പണ്ഡിതന്മാരും നിരവധി ലക്ഷ്യങ്ങളോടുകൂടി അനേക പുസ്തകങ്ങൾ എഴുതി, അങ്ങനെ ന്യായവാദശാസ്ത്ര മേഖലയിൽ യഹൂദന്മാരുടെ ഒരു മികച്ച സംഭാവനയാണ് കോൺട്രാ എപ്പിയൻ (Contra Apion) ആദ്യനൂറ്റാണ്ടിലെ ഒരു സൈന്യാധിപനും ചരിത്രകാരനുമായിരുന്ന ഫ്ളേവിയസ് ജോസീഫസ് (Flavious Josephus) എന്ന പേരിൽ ഈ ഗ്രന്ഥം മിക്ക വേദപഠനാലയങ്ങളിലെ വായനശാലകളിൽ ഇന്ന് ലഭ്യമാണ്. ന്യായവാദശാസ്ത്രമായി യഹൂദന്മാർ രചിച്ച മറ്റ്

നിരവധി ഗ്രന്ഥങ്ങളും ന്യായവാദശാസ്ത്രകാര ന്മാർക്ക് കണ്ടെടുക്കാനായിട്ടുണ്ട്.

## III. ന്യായവാദശാസ്ത്രം പുതിയനിയമത്തിൽ:

പുതിയനിയമസഭയുടെ തുടക്കത്തോടുകൂടി തന്നെ ദുരുപദേഷ്ടാക്കന്മാരും വിമർശകരും അട ങ്ങുന്ന ഒരു പുതിയ സംഘത്തിനു തുടക്കം കുറി ച്ചിരുന്നു. എഴുത്തുമേഖലകളിൽ കൂടി നടന്ന ജാതീയ തത്വശാസ്ത്രങ്ങളുടെ പ്രചാരമായിരുന്നു അതിന്റെ ഭാഗികമായ ഹേതു. ശാസ്ത്രിമാർ എന്ന തൊഴിലാളി വർഗ്ഗത്തിന്റെ ഉദയം മൂലം എഴുതിയ കാര്യങ്ങളുടെ പകർപ്പുകളെടുക്കുന്നതിനും ഇട യായിത്തീർന്നു. അപ്രകാരം ദുരുപദേഷ്ടാക്കന്മാ രുടെ ശബ്ദം എല്ലായിടത്തും എത്താനിടയായി.

ദുരുപദേഷ്ടാക്കന്മാരുടേയും, ദുരുപദേശപ്രസ്ഥാനക്കാരുടേയും, കുത്തിപ്പുകാരുടേയും വളർച്ചയ്ക്ക് മുഖാന്തരമായിത്തീർന്നത് ഒരു തരത്തിൽ പുതിയനിയമത്തിന്റെ ഉദയമാണ്. മലാഖി പുസ്തകം വരെ, ഉപദേശങ്ങൾ. ആച്ഛാദനം ചെയ്യപ്പെട്ട രീതിയിലോ, നേരിട്ടല്ലാതെയോ ആയിരുന്നു പഠിപ്പിച്ചത്. എന്നാൽ പുതിയനിയമത്തിൽ മനുഷ്യന്റെ പാപം, അവന്റെ സമ്പൂർണ്ണ ധാർമ്മികത്തകർച്ച, കൃപയാലും വിശ്വാസത്താലും മാത്രം ലഭിക്കുന്ന രക്ഷ എന്നിവയെ സംബന്ധിച്ച ഉപദേശങ്ങൾ സ്പഷ്ടമായി വിവരിക്കുന്നു. വേദപുസ്തകത്തിലെ നിസ്തുല്യമായ എല്ലാ ഉപദേശങ്ങളും വ്യക്തമായും, വിവരണവും വ്യാഖ്യാനവും സഹിതവും പുതിയനിയമത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പലരേയും ഇത് അസ്വസ്ഥതയിലേക്ക് നയിച്ചു.

ദൈവീക സന്ദേശങ്ങൾ ഭാഗികമായി ആച്ഛാദനം ചെയ്യപ്പെട്ടിരുന്നതുവരേയും ഈ വിമർശകർക്ക് അധികം ഭാരപ്പെടേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ വേദപുസ്തക സന്ദേശത്തിന്റെ വ്യക്തമായ പ്രഖ്യാപനം അവരുടെ തെറ്റുകളേയും ചായ്‌വുകളേയും മുൻവിധികളേയും വെളിച്ചത്തു കൊണ്ടുവന്നു. വേദപുസ്തക ദൈവശാസ്ത്ര ത്തിന്റെ അടിസ്ഥാനപ്രമാണ സംഹിതകൾ വ്യക്ത മാക്കപ്പെട്ടതിനാൽ അവർ പിടിച്ചു കൊണ്ടിരുന്ന ദൈവശാസ്ത്രത്തിന് നിലനിൽപ്പില്ലാതായി.

"ക്രൈസ്തവർ" എന്ന നാമധേയത്തിലറിയപ്പെ ടാൻ അനേകർ ആഗ്രഹിച്ചെങ്കിലും വേദപുസ്തക പ്രമാണങ്ങളെ സ്വീകരിക്കുവാൻ അവർ തയ്യാറാ യിരുന്നില്ല. അവരിൽ മിക്കവരും പലതരത്തിലുള്ള ജാതീയ മതാചാരങ്ങളിൽ നിന്നും കടന്നു വന്നിട്ടു

ുള്ളവരായിരുന്നു. സഭയിലേക്ക് വരുന്നതിന് മുമ്പ് വിശ്വസിച്ച് പോന്നിരുന്ന തത്വശാസ്ത്രങ്ങളും മത തത്വങ്ങളും മാമൂലുകളും ഉപേക്ഷിക്കുവാൻ സഭ യിലേക്ക് വന്നതിനുശേഷവും അവർ വിഷമത പ്രകടിപ്പിച്ചു. മാത്രമല്ല, തങ്ങൾ പിൻപറ്റിയിരുന്ന തത്വശാസ്ത്രങ്ങൾ അനുവദിച്ചിരുന്ന ഭോഗേച്ഛക ളിൽ തുടർന്നും മുഴുകിക്കഴിയുവാനായി അവർ ഇഷ്ടപ്പെട്ടു. അങ്ങനെ തങ്ങൾക്കുണ്ടായിരുന്ന സാഹിത്യപരമായ കഴിവും മതതത്വസംഹിതക ളുടെ സഹായവും ഉപയോഗപ്പെടുത്തി വികൃതമാ ക്കിയ ദുരുപദേശങ്ങൾ അവർ പ്രചരിപ്പിക്കുകയു ണ്ടായി. ഇതിന്റെ പിറകിൽ ഉണ്ടായിരുന്നവരുടെ പരമപ്രധാന ലക്ഷ്യം സ്വയനീതികരണമായിരു ന്നു.

അപ്രകാരം ഗലാത്യയിലും മറ്റ് ചില സഭകളിലും പ്രശ്നം സൃഷ്ടിച്ചവരാണ് യഹൂദമതാനുസാരി

കൾ. അവരുടെ ഉപദേശത്തെ ശാസിച്ചുകൊണ്ട് എഴുതപ്പെട്ട ലേഖനമാണ് ഗലാത്യലേഖനം. ജ്ഞാനേയവാദികൾ ക്രിസ്തീയ ദൈവശാസ്ത്രത്തേയും ക്ഷുദ്രശാസ്ത്രതത്വജ്ഞാനത്തേയും സമന്വയിപ്പിക്കാൻ ശ്രമിച്ചകൂട്ടരാണ്. അവർക്കെതിരായി എഴുതിയതാണ് കൊലോസ്സ്യർക്കെഴുതിയ ലേഖനം. മറ്റൊരു ദുരുപദേശത്തെ എതിർത്തുകൊണ്ട് എഴുതിയ ന്യായവാദശാസ്ത്രലേഖനമാണ് എബ്രായർക്കെഴുതിയ ലേഖനം. പുതിയ നിയമഭാഗങ്ങളെ പരിഹസിച്ചവർക്ക് അപ്പോസ്തലനായ പത്രോസ് മുന്നറിയിപ്പ് നല്കേണ്ടതായി വന്നു. അങ്ങനെ വേദപുസ്തക സത്യങ്ങളെ എതിർക്കുന്ന പരിഹാസികളേയും ദുരുപദേഷ്ടാക്കന്മാരേയും പുതിയ നിയമരേഖകളിലുടനീളം കാണാവുന്നതാണ്. അവരെ ഒഴിവാക്കുന്നതിലുപരിയായി പുതിയ നിയമ എഴുത്തുകാർ

അവരുടെ തെറ്റുകളെ വെളിപ്പെടുത്തുകയും നിഷേധിക്കുകയും അങ്ങനെ സത്യത്തെ ഉറപ്പി ക്കുകയും ചെയ്തു.

പുതിയ നിയമരേഖകളുടെ യാഥാർത്ഥ്യത സംബ ന്ധിച്ച പ്രശ്നം ആദ്യ നൂറ്റാണ്ടിലെ ജനങ്ങളിൽ മാത്രമല്ല, തുടർന്നുള്ള നൂറ്റാണ്ടുകളിലും അസ്വ സ്ഥത ഉളവാക്കിയിരുന്നു. വേദപുസ്തകത്തേയും ജാതീയതത്വശാസ്ത്രങ്ങളേയും യോജിപ്പിച്ചു കൊണ്ടുപോകാൻ ആഗ്രഹിച്ചതുകൊണ്ട് എല്ലാ വിധ മാർഗ്ഗങ്ങളിൽ കൂടിയും ദുരുപദേശത്തെ പഠി പ്പിക്കുവാനായി അവർ ശ്രമിച്ചു. ജ്ഞാനേയവാദി കൾ, നെസ്തോരിയർ, എബയോന്യർ, മൊണ്ടേനി സ്റ്റുകൾ, പെലഗ്യർ അറിയൂനിസ് സിദ്ധാന്തക്കാർ ആദിയായവരുടെ പേരുകൾ മുമ്പ് പ്രസ്താവിച്ചു കഴിഞ്ഞല്ലോ. ഈ ദുരുപദേശങ്ങളെ പുറത്താക്കാ നായി ധാരാളം സഭാ സുന്നഹദോസുകൾ കൂടിയി

ട്ടുണ്ട്. ദുരുപദേശങ്ങളെ അടിച്ചമർത്താനുള്ള ഒരു ഉത്തമമാർഗ്ഗമായിരുന്നു അത്.

ദുരുപദേഷ്ടാക്കന്മാരിലും പലരും വൈദഗ്ധ്യം നേടിയ എഴുത്തുകാരായിരുന്നു. തങ്ങളുടെ ഉപദേശസത്യങ്ങളെ പ്രചരിപ്പിക്കുവാനായി അനേകവാല്യങ്ങൾ ഉള്ള ഗ്രന്ഥങ്ങൾ എഴുതുവാൻ സഭാപിതാക്കന്മാരും പ്രേരിതരായിത്തീർന്നു. ഇത്തരത്തിലുള്ള അനേക ദുരുപദേശഗ്രന്ഥങ്ങളും അവയെ എതിർത്തുകൊണ്ട് എഴുതിയ ന്യായവാദശാസ്ത്ര ഗ്രന്ഥങ്ങളും പുരാവസ്തു ഗവേഷകർക്ക് പിന്നീട് കണ്ടെടുക്കാനായിട്ടുണ്ട്. പുതിയ നിയമരേഖകളുടെ ലഭ്യത ക്രൈസ്തവർക്കെന്ന പോലെ അക്രൈസ്തവർക്കും വെറുപ്പുണ്ടാക്കി. അവരിൽ പലരും നിരീശ്വരവാദം, ഭോഗസംതൃപ്തിവാദം, സ്വയസ്നേഹ വാദം എന്നിവയോട് ചായ്‌വുള്ളവരായിരുന്നു. അവരുടെ ഉപദേശങ്ങളോട് വേദപു

സ്തക പ്രമാണങ്ങൾ വിരുദ്ധമായി നിന്നിരുന്നതിനാൽ വേദപുസ്തകത്തെ ആക്രമിക്കേണ്ടത് ആവശ്യമാണെന്ന് (സ്വയം നീതികരണം) അവർ കണ്ടുപിടിച്ചു.

മനുഷ്യൻ പാപിയാണെന്നും, അവൻ പൂർണ്ണമായി ധാർമ്മികതയിൽ തകർന്നവനാണെന്നും രക്ഷയ്ക്ക് മനുഷ്യനാൽ ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ലെന്നും വെളിപ്പെടുത്തുന്ന ഏക ഗ്രന്ഥം വേദപുസ്തകം മാത്രമേയുള്ളൂ. വേദപുസ്തക പ്രഖ്യാപനങ്ങളായ തിരുവെഴുത്തുമാത്രം, ക്രിസ്തുമാത്രം, കൃപ മാത്രം, വിശ്വാസം മാത്രം എന്നിവയുമായി അവ കൂടിച്ചേർന്നിരിക്കുന്നതും അനേകർക്ക് അസഹ്യത ഉളവാക്കിയതുമായ സംഗതികളാണ്. അതോടൊപ്പം തന്നെ ക്രിസ്തീയ വിശ്വാസത്തിനുണ്ടായ ക്ഷിപ്രപ്രചാരം പുതിയ വിശ്വാസികളുടെ തീവ്രമായ സമർപ്പണം ആദിയാ

യവയും അക്രൈസ്തവ വിമർശകർക്ക് കോപം ഉളവാക്കുന്നതായിരുന്നു. പ്രസ്തുത പ്രചാരം വിഘ്നലേശമെന്യേ തുടർന്നാൽ ലോകമാകെ ക്രിസ്ത്യാനിത്വത്തിലേക്ക് തിരിയുമെന്ന് ഭയപ്പെട്ട് വേദപുസ്തകത്തേയും കർത്താവായ യേശുക്രിസ്തുവിനെയും ക്രിസ്ത്യാനിത്വത്തെ തന്നെയും ആക്രമിക്കാൻ അവർ നിർബന്ധിതരായി.

നാസ്തികവാദ എഴുത്തുകാരിൽ അഗ്രഗണ്യനായ ഒരു വ്യക്തിയാണ് പൊരിഫ്രീ (Poriphry) മൂന്നാം നൂറ്റാണ്ടിൽ സിസിലിയിൽ ജീവിച്ചിരുന്ന അദ്ദേഹം "ക്രിസ്ത്യാനിത്വത്തിനെതിരെ" (Against Christianity) എന്നൊരു ഗ്രന്ഥം എഴുതി. പതിനഞ്ചു വാല്യങ്ങളായാണ് ആ ഗ്രന്ഥം ഇറക്കിയതെന്നറിയുമ്പോൾ തീർച്ചയായും നാം അത്ഭുതപ്പെടുക തന്നെ ചെയ്യും. അത്തരത്തിലുള്ള

സമർത്ഥരായ എഴുത്തുകാർക്ക് വലിയൊരു കൂട്ടം ജനതയെ തന്നെ സ്വാധീനിക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഇവിടെയും നമ്മുടെ പിതാക്കന്മാർ നിശബ്ദരായിരുന്നില്ല. പൊരിഫ്രീക്കും അതുപോലുള്ള മറ്റ് നാസ്തികവാദി എഴുത്തുകാർക്കെതിരേയും പോരാടിക്കൊണ്ട് ക്രിസ്തീയ ന്യായവാദ ശാസ്ത്രപരമായതും ഖണ്ഡന ശാസ്ത്രപരമായതുമായ നൂറ് കണക്കിന് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. ഈ പിതാക്കന്മാരുടെ പോരാട്ട മനോഭാവം ഇല്ലായിരുന്നു എങ്കിൽ ക്രിസ്ത്യാനിത്വത്തെ വളരെയധികം ക്ഷതമേല്പിക്കാൻ നാസ്തികവാദത്തിന് കഴിയുമായിരുന്നു.

**V. ആധുനിക സൃഷ്ടിവാദവും ന്യായവാദശാസ്ത്രവും:** ആദ്യത്തെ അഞ്ചു നൂറ്റാണ്ടുകളിൽ ക്രിസ്തീയ ന്യായവാദശാസ്ത്രവും ഖണ്ഡനശാ

സ്ത്രവും വളരെയധികം വികാസം പ്രാപിച്ചുവെങ്കിലും തുടർന്നു വന്ന ആയിരം വർഷക്കാലത്തോളം അവ ഏതാണ്ട് സുഷുപ്തിയിലായിരുന്നു. റോമൻ കത്തോലിക്കാ സഭയുടെ എഴുന്നേൽപ്പും, ക്രിസ്തീയ ലോകത്തിൽ അവർ ആധിപത്യം സ്ഥാപിച്ചതും പ്രസ്തുത കാലയളവിലായിരുന്നു. വിസമ്മതം പ്രകടിപ്പിക്കുന്നവരോട് ന്യായവാദമോ വാദമോ നടത്തുന്നതിനേക്കാൾ അവരെ കൊല്ലുന്നത് എളുപ്പവും ഉത്തമവുമായ മാർഗ്ഗമായി സഭ കണ്ടു. ജീവിതത്തിനാകെ ഭീഷണിയായി, പ്രസ്തുത സാഹചര്യം നിലനിന്നിരുന്നതിനാൽ അവരെ എതിർത്തുകൊണ്ടുള്ള പരസ്യമായ ശബ്ദം കേട്ടിരുന്നില്ല. നാലാം നൂറ്റാണ്ടിന്റെ മദ്ധ്യഭാഗം വരെ മതലോകത്തിൽ അധികാരം നേടുവാനായി റോമൻ കത്തോലിക്കാസഭ കാട്ടിക്കൂട്ടിയ വിക്രിയകൾ ഇന്നനേകരും അറിയുന്നില്ല.

വിസമ്മതം പ്രകടിപ്പിച്ച അനേകരെ അവർ നിശ്ശ ബ്ദരാക്കുകയും വധിക്കുകയും ചെയ്തു. പക്ഷേ ജനങ്ങളുടെ ഹൃദയത്തിൽ പ്രത്യേകിച്ചും യൂറോ പ്പിലെ ചിന്തകകരുടെ ഇടയിൽ റോമൻ കത്തോലിക്കാ സഭയ്ക്കെതിരേയുള്ള വിപ്ലവം ക്രമേണ ശക്തി ആർജ്ജിച്ചുവന്നു. എങ്കിലും സഭ യുടെ സേച്ഛാധിപത്യം അവയെ പുറമെ കാണി ക്കുന്നതിൽ നിന്നും തടസ്സപ്പെടുത്തുകയാണുണ്ടാ യത്. ചിന്തകർ ആഗ്രഹിച്ചിരുന്നതുപോലെ നവീക രണം മൂലം കൈവന്ന സ്വാതന്ത്ര്യം സഭയ്ക്കെതി രായ ഒരു മലവെള്ളപ്പാച്ചിൽ പോലെ തന്നെ ആയി രുന്നു. റോമൻ കത്തോലിക്കാ സഭയുടെയും സത്യസഭയുടെയും വ്യത്യാസങ്ങൾ വേദപു സ്തകം വെളിപ്പെടുത്തുന്ന യേശുക്രിസ്തു, രക്ഷ ആദിയായ വിഷയങ്ങളെ സംബന്ധിച്ച്

കൈപ്പിന്റെ അനുഭവത്തിൽ കഴിഞ്ഞ ഇവർ ഇവയെ ഒരേ സമയത്തു തന്നെ ആക്രമിച്ചു.

കളിവളളത്തോടുകൂടി കുഞ്ഞിനേയും എറിഞ്ഞു കളയുന്ന അനുഭവമായിരുന്നു അത്. ഈ നിഷേധനം, ക്രിസ്തീയ വിരുദ്ധചിന്തകൾ, മാനുഷീകതത്വജ്ഞാനങ്ങൾ വേദപുസ്തകവിരുദ്ധ പ്രസ്ഥാനങ്ങൾ എന്നിങ്ങനെയുള്ളവയ്ക്ക് വഴിതെളിയിച്ചു. 19–ാം നൂറ്റാണ്ടായപ്പോഴേക്കും ക്രിസ്തീയ വിരുദ്ധശക്തികളും, പ്രസ്ഥാനങ്ങളും സാധാരണമായിത്തീർന്നു. വേദപുസ്തകത്തിനും ക്രിസ്ത്യാനിത്വത്തിനും എതിരെ അവയെല്ലാം ഒന്നിക്കുന്നതിനും ഇടയായി.

സൃഷ്ടിപ്പിനെ സംബന്ധിച്ച ആശയം അനേകരാൽ (വിദ്യാസമ്പന്നരും ഉൾപ്പെട്ടിരുന്നു) സ്വീകരി

ക്കപ്പെട്ടു കഴിഞ്ഞപ്പോൾ വേദപുസ്തകത്തിന്റെ ആധികാരികതയെ തള്ളിക്കളയുക സാദ്ധ്യമല്ലെന്ന് അവർക്ക് മനസ്സിലായി. തന്മൂലം വേദപുസ്തകത്തെയാകെ തള്ളിക്കളയുന്നതായിരിക്കും ഉത്തമം എന്ന് അവർ നിരൂപിച്ചു. 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടമായപ്പോഴേക്കും ക്രിസ്ത്യാനിത്വത്തെ വെല്ലുവിളിക്കാനാകും എന്നൊരു ചിന്ത പൊതുവെ ജനഹൃദയങ്ങളിൽ അങ്കുരിച്ചു. പക്ഷേ അതു ചെയ്യേണ്ട നിർണ്ണായകമായ നടപടി അപ്പോഴും ദൃശ്യമണ്ഡലത്തിലുണ്ടായിരുന്നില്ല.

പരിണാമ സിദ്ധാന്തം അക്കാലത്തുണ്ടായിരുന്നെങ്കിലും തത്വശാസ്ത്രപരമായ രീതിയിലായിരുന്നു അത് നിന്നത്. ശരിയായ ഒരു ശാസ്ത്രീയ അടിത്തറ ഇല്ലാതെ ഏറ്റവും നല്ലതായ തത്വശാസ്ത്ര നിഗമനങ്ങൾക്കുപോലും നില്ക്കുവാൻ സാദ്ധ്യമ

ല്ല. ഈ സന്ദർഭത്തിലാണ് ചാൾസ് ഡാർവ്വിൻ തന്റെ പരിണാമ സിദ്ധാന്തം കൊണ്ടുവരുന്നത്. അങ്ങനെ ശാസ്ത്രീയമായ രൂപത്തിൽ ഒരു നിഗമനത്തെ കൊണ്ടുവരുവാൻ ആദ്യമായി ഒരു വ്യക്തിക്ക് സാധിച്ചു.

19–ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടുകൂടി കാര്യങ്ങൾക്ക് വേഗത്തിൽ വ്യതിയാനം സംഭവിക്കുകയും പരിണാമ സിദ്ധാന്തത്തിന് ദൈവശാസ്ത്രത്തെപ്പോലും അതിന്റെ സ്വാധീനവലയിലാക്കാൻ കഴിയുകയും ചെയ്തു. ജർമ്മൻ കലാലയങ്ങളിൽ നിന്ന് ദൈവശാസ്ത്ര ബിരുദം സമ്പാദിച്ചുകൊണ്ടുള്ള നാസ്തികന്മാരുടെ എഴുന്നേൽപ്പും ഈ കാലയളവിൽ തന്നെയായിരുന്നു. അമേരിക്കയിലും യൂറോപ്പിലുമുള്ള ചില പരിണാമവാദികൾക്ക് ചില ദൈവശാസ്ത്രന്മാരെ സ്വാധീനിക്കു

വാനും പരിണാമവാദത്തെ ഒരു വസ്തുതയായി അവരെക്കൊണ്ട് അംഗീകരിപ്പിക്കുവാനും സാധി ച്ചു. ഈ ദൈവശാസ്ത്രജ്ഞരുടെ പ്രേരണ മുഖാ ന്തരം മറ്റു ചില ദൈവശാസ്ത്രജ്ഞരും വേദപാഠ ശാല അദ്ധ്യാപകരും പരിണാമ സിദ്ധാന്തത്തെ യാഥാർത്ഥ്യമായി വിശ്വസിച്ച് അംഗീകരിച്ചു. സൃഷ്ടി വിവരത്തെ പ്രതിപാദിക്കുന്ന വേദപു സ്തകഭാഗങ്ങളെ ത്യജിക്കേണ്ടതാണെന്നു കൂടി ചില ദൈവശാസ്ത്രജ്ഞന്മാർ പഠിപ്പിക്കാൻ ആരം ഭിക്കുകയും ചെയ്തു. ജർമ്മനിയിലെ വേദപാഠ ശാല സർക്കാരിനാൽ നിയന്ത്രിക്കപ്പെട്ടിരുന്നതു കൊണ്ട് ഇത്തരത്തിലുള്ള ചിന്തകന്മാരെ ധാരാള മായി ഉല്പാദിപ്പിക്കുവാൻ ഇടയായി. രക്ഷിക്കപ്പെ ട്ടവരാണോ? വേദപുസ്തക പഠനത്തിനായി സമർപ്പിക്കപ്പെട്ടവരാണോ? ആദിയായ അടിസ്ഥാ നകാര്യങ്ങളിൽ പ്രാധാന്യം നൽകാതെ സർവ്വക

ലാശാല ബിരുദങ്ങൾക്കാണ് സർക്കാർ കൂടുതൽ ഊന്നൽ നൽകിയത്.

യാതൊരു സമർപ്പണവുമില്ലാത്ത ജർമ്മൻ വേദ ശാസ്ത്രപണ്ഡിതന്മാർക്ക് ഉയർത്തിക്കാട്ടാനായി ധാരാളം ബിരുദങ്ങൾ ഉണ്ടായിരുന്നെങ്കിലും ക്രിസ്തു അവരുടെ ഹൃദയങ്ങളിൽ ഇല്ലായിരുന്നു എന്നതാണ് വാസ്തവം. അങ്ങനെ കൂലിക്കു വേണ്ടി പ്രവൃത്തിക്കുന്നവരും വേദപുസ്തകത്തി ലുള്ള വിശ്വാസത്തെ നിഷേധിക്കുന്നവരുമായി അവർ രൂപപ്പെട്ടു.

വേദപുസ്തകത്തിലെ സത്യങ്ങളെ തകർക്കത്തക്ക നിലയിൽ ഒരു കാര്യപരിപാടി അവർ ക്രമീകരിച്ച് ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാനങ്ങളെ തകർക്കുന്നതിന് അവർ ലക്ഷ്യമിടുകയും

ചെയ്തു. സർക്കാരിന്റെ സാമ്പത്തിക സഹായം മൂലം അവരുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനുതകത്തക്ക നിലയിൽ ധാരാളം ഗ്രന്ഥങ്ങൾ എഴുതി പ്രസിദ്ധീകരിക്കുന്നതിന് അവർക്ക് സാധിച്ചു. ജർമ്മൻ നാസ്തികന്മാർ (ക്രിസ്ത്യാനികൾ എന്ന് സ്വയം അവകാശപ്പെട്ടവർ) തങ്ങളുടെ ദൈവശാസ്ത്രത്തിൽ അനേകരെ സ്വാധീനിച്ചത് ഇപ്രകാരമാണ് എങ്കിലും വേദപുസ്തകത്തിനെതിരേ എഴുതുവാൻ എല്ലാവരും ഇഷ്ടപ്പെട്ടില്ല. വേദപുസ്തകത്തോടൊപ്പം തങ്ങളുടെ വിശ്വാസങ്ങളേയും യോജിപ്പിച്ച് കൊണ്ടുപോകാൻ പലരും താൽപര്യം പ്രകടിപ്പിച്ചു. പരിണാമ സിദ്ധാന്തത്തിന്റെ സ്വീകരണം മൂലം ദൈവശാസ്ത്ര നാസ്തികന്മാരുടെ മദ്ധ്യത്തിൽ ഇവർ ബഹുമാനിക്കപ്പെടുകയും അതേസമയം സ്വയം സൃഷ്ടിപ്പിനെ സ്വീകരിച്ചതിനാൽ സുവിശേഷ വിഹിത

ക്രിസ്ത്യാനിത്വത്തിനുള്ളിൽ നില്ക്കുവാൻ സാധിക്കുകയും ചെയ്തു. അനുരഞ്ജനത്തിന്റെ ഒരു യുഗത്തിന് അങ്ങനെ തുടക്കം കുറിച്ചു. ഉൽപ്പത്തി പുസ്തകത്തിന്റെ അനുരഞ്ജനപ്പെട്ട വ്യാഖ്യാനം ഈ യുഗത്തിലെ സമ്പ്രദായമായി പരിണമിച്ചു. ഇത്തരം വ്യാഖ്യാനങ്ങളിൽ പലതും സ്കോഫീൽഡിൽ കൂടി ഭാഗികമായും പ്രചരിപ്പിക്കപ്പെട്ടു.

അനുരഞ്ജനം എപ്പോഴും സത്യവുമായി നിരക്കുകയില്ല. കാരണം ചില അവസരങ്ങളിൽ സത്യത്തോട് വ്യാജം കൂട്ടികലർത്തുന്നതിനാൽ സത്യത്തിന്റെ നിലനില്പിനെ ചോദ്യം ചെയ്യത്തക്ക രീതിയിലായിത്തീരുന്നു. അങ്ങനെ സൃഷ്ടിയും പരിണാമവും തമ്മിലുള്ള സംയോജനം വേദപുസ്തക അടിസ്ഥാന സത്യങ്ങളെ ക്രമേണ നശിപ്പിക്കുന്നു. തന്മൂലം നാസ്തികവാദികൾ, മാനവാ

രാധനാവാദികൾ, പരിണാമസിദ്ധാന്തക്കാർ, നിരീശ്വരവാദികൾ ആദിയായവർക്ക് ക്രിസ്ത്യാനിത്വത്തെ ആക്രമിക്കുവാനുള്ള ഒരു നിലം ഒരുങ്ങിക്കിട്ടി. 20–ാം നൂറ്റാണ്ടിന്റെ ആദ്യപകുതിവരേയും വേദപുസ്തക സൃഷ്ടിവിവരണത്തെ തുറന്ന് സമ്മതിക്കുന്ന വേദശാസ്ത്രപണ്ഡിതന്മാർ വിരളമായേ ഉണ്ടായിരുന്നുള്ളൂ. ഭാരതീയ ദൈവശാസ്ത്രം കൂടുതലും പാശ്ചാത്യ ദൈവശാസ്ത്രത്തിന്റെ ഒരു പകർപ്പായിരുന്നതിനാൽ വേദപുസ്തക സൃഷ്ടിവിവരണത്തെ പ്രതിരോധിക്കുന്നതിൽ നിന്ന് ഭാരതീയ ദൈവശാസ്ത്രജ്ഞരും മാറി നിന്നു.

വേദപുസ്തക വിവരണത്തെ പ്രതിരോധിച്ചുകൊണ്ട് ഇക്കാലയളവിൽ ആദ്യമായി എഴുന്നേറ്റത് അമേരിക്കയിലെ ശാബ്ബത് സഭക്കാരാണ്. അമേരിക്കയിലെ ചില യാഥാസ്ഥിതിക സഭകളിലെ

വിശ്വാസികളും ഉറച്ച ഒരു നിലപാട് എടുക്കുവാനായി ആഗ്രഹിച്ചിരുന്നു. 20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശാബ്ദത്തിനുള്ളിൽ "The Fundamentals" എന്ന പേരിൽ 12 വാല്യങ്ങൾ പ്രസിദ്ധീകരിച്ചു. പ്രസ്തുത ഗ്രന്ഥത്തിലെ വസ്തുതകളോട് എണ്ണത്തിൽ കുറഞ്ഞ വേദപണ്ഡിതന്മാർ മാത്രമേ താദാത്മ്യം കാണിച്ചുള്ളുവെങ്കിലും അവരുടെ സ്വാധീനത മൂലം വേദപുസ്തകത്തിനുള്ള താത്പര്യം അനേകരുടെ ഹൃദയങ്ങളിൽ രൂപപ്പെടുവാൻ ഇടയായി.

സത്യത്തെയാകെ നശിപ്പിക്കുവാൻ കഴിവുള്ള വിഷത്തിന് സമാനമായ ഒന്നാണ് അനുരഞ്ജനം എന്ന് അമ്പതുകളിൽ (1950 കാലഘട്ടത്തിൽ) അമേരിക്കയിലെ യാഥാസ്ഥിതിക വിശ്വാസികൾ മനസ്സിലാക്കാൻ തുടങ്ങി. അവരിൽ ചിലർ മുമ്പോട്ടു വരികയും വേദപുസ്തകത്തിന്റെ

ശാസ്ത്ര വിശ്വാസ്യതയെ ഉയർത്തിക്കാട്ടി അനേക ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു. ന്യായവാദ ശാസ്ത്രത്തിലും സൃഷ്ടിവാദത്തിലും കാണുന്ന ആധുനിക താല്പര്യം അപ്രകാരമാണ് ജനിപ്പിക്കപ്പെട്ടത്. 20-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടമെത്തിയപ്പോഴേക്കും ഈ പുനരുജ്ജീവനം ലോകമാകെ വ്യാപിച്ചു. ന്യായവാദശാസ്ത്ര മേഖലയിൽ മാത്രം പ്രവർത്തിക്കുന്ന നൂറ്റമ്പതിൽ പരം സംഘടനകൾ ഇന്ന് നിലവിലുണ്ട്. അവരുടെ സ്വാധീനത മൂലം അനേക വേദപുസ്തകപാഠശാലകളിൽ വേദപുസ്തകത്തിന്റെ ചരിത്ര ശാസ്ത്രീയ വിശ്വാസ്യതയെ പ്രത്യേകമായി പഠിപ്പിച്ചു വരുന്നു.

**VI. സൃഷ്ടിവാദം ഭാരതത്തിൽ:** പാശ്ചാത്യ രാജ്യങ്ങളിൽ നടക്കുന്നതിന്റെ പകർപ്പാണ് ഭാരതത്തിലെ ദൈവശാസ്ത്ര മേഖലയിലെ അന്തരീ

ക്ഷം. അങ്ങനെ ജർമ്മനിയിലെ നാസ്തികവാദ ദൈവശാസ്ത്രത്തിന്റെ ഉത്ഭവത്തോടുകൂടി മാർത്തോമ സഭ, സി.എസ്സ്.ഐ, സി.എൻ.ഐ, മെഥഡിസ്റ്റ്, ലൂഥറൻ പോലുള്ള ചില സഭകളിലെ വേദപാഠശാലകളിൽ നിന്ന് പരിശീലനം പ്രാപിച്ച വരിൽ നാസ്തികവാദ ദൈവശാസ്ത്രം സ്വാധീനം ചെലുത്തുകയും ദൈവശാസ്ത്രപരമായി അവർ നാസ്തികവാദികൾ ആയിത്തീരുകയും ചെയ്തു യാഥാസ്ഥിതികമായ ചിന്ത അവരുടെ വേദപാഠ ശാലകളിൽ പരിഹാസപാത്രമാകുകപോലും ചെയ്തു.

സുവിശേഷത്തിന് സമർപ്പണമുള്ളവരേയോ വേദ പാഠശാലകളിൽ വേദപുസ്തകത്തിന്റെ ചരിത്ര–ശാസ്ത്ര വിശ്വാസീയത അംഗീകരിക്കുന്നവ രെയോ നാല്പതുകളുടെ കാലഘട്ടത്തിൽ കണ്ടെ ത്തുക വിഷമമായിരുന്നു.

ബ്രദറൺ, പെന്തക്കോസ്ത്, അടിസ്ഥാന ഉപദേശ ങ്ങളിൽ വിശ്വസിച്ചിരുന്ന ബാപ്റ്റിസ്റ്റ് പോലുള്ള ചില സഭകളിൽ ഉൾപ്പെട്ടവർ മാത്രമായിരുന്നു അനുരഞ്ജനപ്പെടാതെ നിലനിന്നത്. എങ്കിൽപ്പോലും ആസ്തിക പരിണാമസിദ്ധാന്തം, ഗ്യാപ് തിയറി എന്നീ വ്യാഖ്യാനങ്ങൾക്ക് മുമ്പിൽ അവരും കീഴടങ്ങി.

പരിണാമ സിദ്ധാന്തത്തിനെതിരെ ഉറച്ച നിലപാടെ ടുത്ത ആദ്യഭാരതീയൻ പരേതനായ പ്രൊഫസർ, എച്ച്.ഈനോക്ക് (H.Enoch) ആയിരുന്നു. അറുപ തുകളുടെ കാലഘട്ടത്തിൽ അദ്ദേഹം രചിച്ച പരി ണാമമോ സൃഷ്ടിയോ (Evolution or Creation) എന്ന ഗ്രന്ഥം അനേക യുവജനങ്ങളെ പ്രത്യേ കിച്ചും ഇ.യു. (E.U.) ഇ.ജി.എഫ് (E.G.F.) സംഘ ടനകളിൽ അംഗങ്ങളായവരെ വളരെയധികം

സ്വാധീനിച്ചു. UESI സംഘടനയിലുള്ള വിദ്യാർത്ഥികളുടെ മാസികകളിൽ കൂടി ധാരാളം ലേഖനങ്ങളും അദ്ദേഹം പ്രസിദ്ധീകരിച്ചു.

അറുപതുകളുടെയും എഴുപതുകളുടേയും കാലഘട്ടത്തിൽ സൃഷ്ടിയെയോ, വേദപുസ്തകത്തിന്റെ ചരിത്രവിശ്വാസ്യതയെയോ വ്യക്തമാക്കിക്കൊണ്ട് എഴുതുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിക്കുവാൻ മാസികകളൊന്നും തയ്യാറായിരുന്നില്ല. ഒരു പെന്തക്കോസ്തു മാസികയായ (Cross And Crown) മാത്രമായിരുന്നു ഇതിൽ ആഗ്രഹം പ്രകടിപ്പിച്ചത്. (രാജസ്ഥാനിലെ ഉദയപ്പൂരിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ഈ മാസികയുടെ പ്രധാന പത്രാധിപർ ഡോ.തോമസ് മാത്യൂസ് ആണ്). വേദപുസ്തകത്തിന്റെ ആധികാരികതയെ സ്പ്ഷ്ടമാക്കുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ

അവർ വ്യക്തമായ നിലപാട് സ്വീകരിച്ചു. കഴിഞ്ഞ അനേക ദശാബ്ദങ്ങളായി അത്തരത്തിലുള്ള ലേഖനങ്ങൾ അവർ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

എഴുപതുകളിൽ FOCMOS (Fellowship of Christian Men of Science) എന്ന നാമധേയത്തിൽ ഒരു സംഘം ശാസ്ത്രജ്ഞന്മാർ കൂടി വന്നു.

CSFI (Creation Scientists Fellowship of India) എന്ന പേരിലാണ് ഇത് പിന്നീടറിയപ്പെട്ടത്. എന്നാൽ അംഗങ്ങളുടെ അനൈക്യത മൂലം പ്രസ്തുത സംഘടന നിഷ്ക്രിയമായി തീരുകയാണുണ്ടായത്.

ഈ ഗ്രന്ഥത്തിന്റെ എഴുത്തുകാരിൽ ഒരാളായിരിക്കുന്ന ഡോ.ജോൺസൺ സി.ഫിലിപ്പിനാൽ സ്ഥാപിതമായ ഒരു പദ്ധതിയാണ് ക്രിയേഷൻ

റിസേർച്ച് സൊസൈറ്റി. ഗ്രന്ഥരചനയും ലേഖന പ്രസിദ്ധീകരണവുമാണ് ഈ പദ്ധതിയുടെ മുഖ്യ പ്രവർത്തനങ്ങൾ. ലോകത്തിലെ ഏതാണ്ട് ഒരു ഡസനോളം രാജ്യങ്ങളിൽ ആറു ഭാഷകളിലായി ആയിരത്തിയഞ്ഞൂറിലധികം ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. CRASI എന്ന നാമധേയത്തിൽ അറിയപ്പെടുടന്ന ഈ സംഘടന സൃഷ്ടിവാദത്തിലും ന്യായവാദശാസ്ത്രത്തിലുമു ള്ള ഒരു തപാൽ പാഠപദ്ധതിയും നടത്തുന്നുണ്ട്.

CRASI യുടെ ഉത്ഭവകാലയളവിൽ വേദപുസ്ത കത്തിന്റെ അപ്രമാദിത്വം, അബദ്ധരാഹിത്യം ആദി യായ വിഷയങ്ങളെ വ്യക്തമാക്കുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിക്കുവാൻ മിക്ക മാസികകളും വിസ മ്മതം പ്രകടിപ്പിച്ചു. വേദപാഠശാലകളിലെ വിഷയ ങ്ങളിൽ ഈ വിഷയം ഉൾപ്പെട്ടിരുന്നതുമില്ല.

എന്നാൽ CRASI യുടെ മൂന്നു ദശാബ്ദമായുള്ള കുരിശുയുദ്ധങ്ങളുടെ ഫലമായി വിശ്വാസത്തെ സംബന്ധിച്ച സാരഗർഭമായ ഒരു ചലനം ഭാരത മനസ്സുകളിൽ ഉരുത്തിരിയുവാൻ തുടങ്ങി.

ക്രിസ്തീയ ന്യായവാദശാസ്ത്രത്തിൽ അർത്ഥ പൂർണ്ണമായ പങ്കുവഹിച്ച മറ്റൊരു വ്യക്തിയാണ് ഡോ. ജോൺസൺ ജോർജ്ജ്. കേരളത്തിൽ ജനിച്ച് മദ്ധ്യപ്രദേശിൽ വളർത്തപ്പെട്ട ഇദ്ദേഹം ഒന്നിലധികം ഭാഷകളിൽ വിദഗ്ധനായിരുന്നു. ന്യായവാദശാസ്ത്ര മേഖലയിലെ അദ്ദേഹത്തിന്റെ സൃഷ്ടികൾക്ക് വ്യാപകമായ സ്വാധീനശക്തി തന്നെയുണ്ട്. ന്യായവാദശാസ്ത്രമേഖലയിൽ പങ്കുവഹിച്ചിട്ടുള്ള വ്യക്തികളിൽ ഡോ.ഏഴംകുളം സാംകുട്ടി, ജെ.സി. ദേവ്, ആർ.കൃഷ്ണൻകുട്ടി, പോൾ.കെ.രാമകൃഷ്ണൻ എന്നിവരുടെ പേരു

കൾ പ്രത്യേകം പ്രസ്താവ്യമാണ്. പക്ഷേ അവരുടെ എഴുത്തുകൾ മലയാള ഭാഷയിലായതിനാൽ മലയാളികളുടെ ഇടയിൽ പരിമിതപ്പെട്ടിരിക്കുന്നു.

ഭാരതത്തിൽ അടുത്തയിടെ പ്രവേശിച്ച ഒരു ന്യായവാദശാസ്ത്രസംഘടനയാണ് റെസിം (RAZIM). ഡോ. രവി സഖറിയ എന്ന ഒരു മാന്യദേഹത്താൽ അമേരിക്കയിൽ സ്ഥാപിതമായതാണ് ഈ സംഘടന. ഭാരതത്തിൽ അനേക സ്ഥലങ്ങളിൽ ന്യായവാദശാസ്ത്ര പരിശീലന പരിപാടികൾ ഇവർ നടത്തിവരുന്നു. സൃഷ്ടിയിലെ ദിവസങ്ങൾ യുഗങ്ങളാണെന്നുള്ള പഠിപ്പിക്കൽ ഒഴിച്ചാൽ വേദപുസ്തകാടിസ്ഥാനത്തിലാണ് ഇവരുടെ പോക്കും.

**VII. ആധുനിക ന്യായവാദശാസ്ത്രത്തിന്റെ നേട്ടങ്ങൾ:** 19–ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലും 20–ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലും ദൈവശാസ്ത്ര അനുരഞ്ജനം വികാസം പ്രാപിച്ച കാലയളവുകളായിരുന്നു. ഈ കാലയളവിൽ പ്രശസ്തമായ പല വേദപാഠശാലകൾ, ജേർണലുകൾ, പ്രസിദ്ധീകരണശാലകൾ ആദിയായവ പരിണാമസിദ്ധാന്തവുമായും, നാസ്തികവാദവുമായും അനുരഞ്ജനപ്പെട്ടു. തന്മൂലം സാധാരണ വിശ്വാസികളിൽ സംശയത്തിന്റെ വിത്തുകൾ മുളയ്ക്കുവാൻ ഇടയായി തങ്ങളുടെ വിശ്വാസത്തേയും വേദപുസ്തകത്തേയും പ്രതിരോധിച്ചുകൊണ്ട് ഒരു ഉറച്ച നിലപാടെടുക്കുവാൻ വിരളമായ വിശ്വാസികൾ മാത്രമേ തയ്യാറായുള്ളൂ.

നാസ്തികാധിപത്യം നിറഞ്ഞ സമയങ്ങളിൽ സാധാരണ ക്രിസ്തീയ വിശ്വാസികളുടെ (പ്രത്യേകിച്ചും പുതിയ നിയമ വിശ്വാസികളുടെ) നില ആകെ പരിതാപകരമായിരുന്നു. നാല്പത് അമ്പത് കാലഘട്ടങ്ങളിൽ വികാസം പ്രാപിച്ച വേദപുസ്തക വിരുദ്ധതയ്ക്കും, സാമൂഹിക വിരുദ്ധതയ്ക്കും ധാർമ്മിക വിരുദ്ധതയ്ക്കും, എതിരെ പോരാടുവാൻ ക്രിസ്ത്യാനികൾ അധൈര്യപ്പെട്ടത് ഈ കാരണങ്ങളാലാണ്. അമേരിക്കയിൽ തുടക്കം കുറിക്കപ്പെട്ട ഈ പ്രസ്ഥാനങ്ങൾ ഭാരതത്തേയും വേഗത്തിൽ തന്നെ കീഴടക്കി.

പക്ഷേ ആധുനിക സൃഷ്ടിവാദത്തിന്റേയും ന്യായവാദശാസ്ത്രത്തിന്റേയും ഉദയം സുവിശേഷവിഹിത വിശ്വാസികളുടെ ഇടയിൽ ഒരു നവീകരണത്തിന് ചലനം സൃഷ്ടിക്കാൻ കാരണമായി. അറുപതുകളിൽ ഈ സംഘത്തിന് ഒരു ഉറച്ച

ശബ്ദം നേടാനാകുകയും ചെയ്തു. എഴുപതായ പ്പോഴേക്കും ലോകത്താകമാനമുള്ള വേദശാസ്ത്ര ജ്ഞരുടേയും ചിന്തകരുടേയും വേദാദ്ധ്യാപകരു ടേയും ഇടയിൽ ശക്തമായ ഒരു സ്വാധീനത ഉള വാക്കാൻ പ്രസ്തുത സംഘം വളരെയധികം യത്നിച്ചു. അതുകൊണ്ടാണ് ആയിരക്കണക്കിന് ന്യായവാദശാസ്ത്ര ഗ്രന്ഥങ്ങളും നൂറുകണക്കിന് മാസികകളും, ആയിരക്കണക്കിന് ലേഖനങ്ങളും പ്രസിദ്ധീകരിക്കുവാൻ അവർക്ക് കഴിയുകയും ചെയ്തത്. സഭയിൽ കടന്നുകൂടിയ നിരീശ്വരവാദി കളേയും സമൂലപരിവർത്തനവാദികളേയും പ്രസ്തുത ചലനം ക്ഷയിപ്പിച്ചു.

പക്ഷേ 19–ാം നൂറ്റാണ്ടിന്റെ രണ്ടാം ഘട്ടം മുതൽ 20–ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം വരെ നിരീശ്വര വാദികളുടെ ആഹ്ലാദതിമർപ്പിൻ കാലയളവായിരു

ന്നു. യുവജനങ്ങളെ അവരുടെ സമർപ്പണത്തിൽ നിന്നും ക്രിസ്തീയ വിശ്വാസത്തിൽ നിന്നും തട്ടിയെടുക്കാൻ അവർക്ക് കഴിഞ്ഞു. ഇതിന്റെ മുറിപ്പാടുകൾ ക്രിസ്ത്യാനിത്വത്തിൽ ഇന്നും കാണാമെങ്കിലും ക്രിസ്തീയ ന്യായവാദ ശാസ്ത്ര ത്തിന്റെ വികാസം അവരുടെ പ്രവർത്തനത്തെ വല്ലാതെ ബാധിക്കുകയുണ്ടായി.

വേദപുസ്തകത്തെയോ, ശാസ്ത്രം, പരിണാമസി ദ്ധാന്തം, ചരിത്രം, പുരാവസ്തു ഗവേഷണം ആദി യായ മേഖലകളുമായുള്ള അതിന്റെ ബന്ധ ത്തെയോ മനസ്സിലാക്കുവാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തി പ്രസ്തുത വിഷയങ്ങളെ സവിസ്തരം പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ വായിച്ചാൽ മതി. ലളിതമായതു മുതൽ സാങ്കേതികമായി ഉന്നത

നിലവാരം പുലർത്തുന്ന ഗ്രന്ഥങ്ങൾ വരെ ഇന്ന് ലഭ്യമാണ്.

അങ്ങനെ ക്രിസ്തീയ സഭയെ വ്രണപ്പെടുത്തികൊണ്ടിരിക്കുന്ന നിരീശ്വരവാദത്തെ നിലയ്ക്ക് നിർത്തുവാൻ ആധുനിക ന്യായവാദശാസ്ത്രത്തിന് സാധിച്ചു. എന്തിനേറെ, അവിശ്വാസത്തിന്റെ നീർച്ചുഴിയിൽ വീണ അനേകരെ വിശ്വാസത്തിന്റെ ഉറപ്പുള്ള പാറയിലാക്കുവാൻ ന്യായവാദശാസ്ത്രത്തിന് കഴിഞ്ഞു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. വിശ്വാസ പോർക്കളത്തിലെ വിശ്വാസികളുടെ വിശ്വാസവും ഇതുമൂലം സ്ഥിരപ്പെടുവാൻ ഇടയായിത്തീർന്നു.

## About The Authors



Dr. Johnson C. Philip is an expert in Quantum-nuclear Physics and has done research about the inner structure of Protons and Neutrons (Hadrons). He has authored hundreds of books and he hopes to join hands with Dr. Saneesh Cherian to produce more than 100 volumes of these compact Bible/Science books to bless your spiritual life.



Dr. Saneesh Cherian is an expert in Communication and Sociology. Having completed two doctorates in theology and a masters in Sociology from a prestigious University, he has been working towards his next doctorate.

Together the two writers have authored several major books in Apologetics and Theology, Theology Dictionary and Bible Encyclopedias.

Hundreds of ebooks and pdf magazines produced by them are available for free download. You can download them from www.OnlyFreeBooks.Com

Download More Free Ebooks From

www.OnlyFreeBooks.com

This is a textbook/resource published by the Brethren Theological Institute.

BTI brings Bible-school training to your assembly. BTI Classes are going on in many places in Kerala

If you want a BTI training program in your assembly, please contact

Principal: Dr. Johnson C. Philip
999 519 8690

Academic Dean: Dr. Saneesh Cherian
974 470 6373

BTI Brethren Theological Institute
Theological Training Since 1999